# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2020 നവംബർ 20

# വാർത്താക്കുറിപ്പ്

## എം.ജി. ബിരുദ ഏകജാലകം;
## രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി ബിരുദപ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി സർവകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് നവംബർ 25ന് വൈകീട്ട് 4.30ന് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. നവംബർ 25നകം ഫീസടയ്ക്കാത്തവരുടേയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും.

(പി.ആർ.ഒ/39/1209/2020)

## ആദ്യകാലം മുതലുള്ള പരീക്ഷരേഖകൾ
## ഡിജിറ്റലാക്കി മഹാത്മാഗാന്ധി സർവകലാശാല

**- പരീക്ഷരേഖകളുടെ 5.25 ലക്ഷം പേജുകൾ ഡിജിറ്റലാക്കി**

മഹാത്മാഗാന്ധി സർവകലാശാലയിൽ 1983 മുതൽ സൂക്ഷിക്കുന്ന വിവിധ കോഴ്സുകളുടെ മാർക്കുകളും വിവരങ്ങളുമടങ്ങിയ ടാബുലേഷൻ രജിസ്റ്ററുകൾ ഇനി ഡിജിറ്റൽ രേഖ. കയ്യെഴുത്ത് പ്രതികളായി സൂക്ഷിച്ചിരുന്ന പരീക്ഷരേഖകളായ ടാബുലേഷൻ രജിസ്റ്ററുകളുടെ 5.25 ലക്ഷം പേജുകളാണ് ജീവനക്കാർക്ക് വിരൽത്തുമ്പിൽ ലഭ്യമാകുംവിധം ഡിജിറ്റലൈസ് ചെയ്തത്. കാലപ്പഴക്കത്താൽ നശിച്ചുപോകാനിടയുണ്ടായിരുന്ന ടാബുലേഷൻ രജിസ്റ്ററുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് പ്രീഡിഗ്രി, ബി.എസ് സി., ബി.കോം, ബി.എ. കോഴ്സുകളുടെ രജിസ്റ്ററുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കിയത്.

പ്രീഡിഗ്രിയുടെ 1.55 ലക്ഷം പേജുകളും ബി.എ.യുടെ 95,000 പേജുകളും ബി.കോമിന്റെ 1.85 ലക്ഷം പേജുകളും ബി.എസ് സി.യുടെ 90,000 പേജുകളും സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി മാറ്റി. മാർക്ക്‌ലിസ്റ്റുകളുടെ ട്രാൻസ്ക്രിപ്റ്റ് അടക്കം വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിന് ഡിജിറ്റലൈസേഷൻ സഹായിക്കും. ടാബുലേഷൻ രജിസ്റ്ററുകൾ പരിശോധിച്ച് കണ്ടെത്തുന്നതിനുള്ള കാലതാമസവും സ്ഥിരമായി ഉപയോഗിക്കുന്നതുമൂലം പഴയ രജിസ്റ്ററുകൾ നശിക്കുന്നതും ഒഴിവാകും. രജിസ്റ്റർ നമ്പർ, പരീക്ഷകേന്ദ്രം, കോഴ്സ് പൂർത്തീകരിച്ച വർഷം എന്നിവയിലൊന്ന് ഉപയോഗിച്ച് വിവരങ്ങൾ വേഗത്തിൽ കണ്ടെത്താനുള്ള സോഫ്റ്റ്‌വെയറാണ് തയാറാക്കിയിട്ടുള്ളത്. എട്ടുമാസം കൊണ്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചത്.

ആദ്യഘട്ടത്തിൽ ഡിജിറ്റലൈസ് ചെയ്ത രേഖകൾ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രൊജക്ട് മാനേജർ കെ.പി. റഷീദ് കൈമാറി. ചടങ്ങിൽ രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ് കുമാർ, പരീക്ഷ കൺട്രോളർ ഡോ. സി.എം. ശ്രീജിത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, പദ്ധതി കോ-ഓർഡിനേറ്റർ ജോയിന്റ് രജിസ്ട്രാർ ജി. വിജയകുമാർ, ഊരാളുങ്കൽ സൊസൈറ്റി സോഫ്റ്റ്‌വെയർ എൻജിനീയർ കെ.ജി. അജയൻ എന്നിവർ പങ്കെടുത്തു.

രണ്ടാംഘട്ടത്തിൽ ബിരുദാനന്തര ബിരുദം, ബി.എഡ്., എൽ.എൽ.ബി., മെഡിക്കൽ, പാരാമെഡിക്കൽ, എം.ബി.എ., എം.സി.എ., ബി.ടെക് തുടങ്ങി 25 കോഴ്‌സുകളുടെ കയ്യെഴുത്ത് ടാബുലേഷൻ രജിസ്റ്ററുകൾ ഡിജിറ്റലൈസ് ചെയ്യും. അടുത്ത വർഷം ജനുവരി 31നകം എല്ലാ കോഴ്സുകളുടെയും ടാബുലേഷൻ രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിലാക്കുകയാണ് ലക്ഷ്യം. സംസ്ഥാന സർക്കാർ പദ്ധതി വിഹിതമായി ഒരുകോടി രൂപ പദ്ധതിക്ക് അനുവദിച്ചിരുന്നു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയുടെ ഡിജിറ്റലൈസ് ചെയ്ത പരീക്ഷരേഖകൾ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രൊജക്ട് മാനേജർ കെ.പി. റഷീദ് കൈമാറുന്നു**

(പി.ആർ.ഒ/39/1210/2020)

## പരീക്ഷതീയതി

രണ്ടാം സെമസ്റ്റർ ബി.എഡ്. സ്‌പെഷൽ എജ്യുക്കേഷൻ - ലേണിംഗ് ഡിസെബിലിറ്റി/ഇന്റലക്ച്വൽ ഡിസെബിലിറ്റി (2019 അഡ്മിഷൻ റഗുലർ/2016, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ് - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ജനുവരി അഞ്ചുമുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ ഒന്നുവരെയും 525 രൂപ പിഴയോടെ രണ്ടുവരെയും 1050 രൂപ സൂപ്പർഫൈനോടെ മൂന്നുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1211/2020)

## പരീക്ഷ കേന്ദ്രം മാറ്റത്തിന് അപേക്ഷിക്കാം

നവംബർ 24ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി., നവംബർ 25ന് ആരംഭിക്കുന്ന ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾക്ക് പരീക്ഷകേന്ദ്രം മാറ്റുവാൻ ആഗ്രഹിക്കുന്നവർ സർവകലാശാല വെബ്‌സൈറ്റിലെ ഗൂഗിൾ ഫോം ലിങ്ക് വഴി സെന്റർ മാറ്റത്തിന് അപേക്ഷിക്കണം. നവംബർ 22ന് വൈകീട്ട് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1212/2020)

## വൈവാവോസി

2020 ഒക്ടോബറിൽ നടന്ന നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രൊജക്ട് മൂല്യനിർണയവും വൈവാവോസിയും നവംബർ 23 മുതൽ ഓൺലൈനായി നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ. വിദ്യാർഥികൾ അതത് കോളേജുമായി ബന്ധപ്പെടണം.

(പി.ആർ.ഒ/39/1213/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ 2020-21 അക്കാദമിക വർഷത്തെ എം.എസ് സി. സൈക്കോളജി കോഴ്‌സിന് പട്ടിക വർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ രേഖകളുമായി നവംബർ 23ന് രാവിലെ 10ന് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731034.

(പി.ആർ.ഒ/39/1214/2020)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർ നാഷണൽ റിലേഷൻസ്, എം.എ. (പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ്), എം.എ. പൊളിറ്റിക്സ് (പബ്ലിക് പോളിസി ആന്റ് ഗവേണൻസ്) എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ എസ്.ടി. വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ നവംബർ 25ന് രാവിലെ 10ന് പഠനവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നടക്കും. താല്പര്യമുള്ളവർ അസൽ യോഗ്യത സർട്ടിഫിക്കറ്റുകളുമായി എത്തണം.

(പി.ആർ.ഒ/39/1215/2020)

## പരീക്ഷഫലം

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ആർട്സ് ഇൻ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (2016 പി.ജി. റഗുലേഷൻ പ്രകാരമുള്ള സി.ബി.സി.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1216/2020)

2019 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ആർട്സ് ഇൻ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (2016 പി.ജി. റഗുലേഷൻ പ്രകാരമുള്ള സി.ബി.സി.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1217/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ